**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1435** **18-01-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പുവരുത്താൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ ,<br>ഡോ. എൻ. ജയരാജ് | | Smt. J. Mercykutty Amma<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പുവരുത്താൻ എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും സുസ്ഥിരത ഉറപ്പ വരുത്തുന്നതിനുമായി നിരവധി നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി 2017 -ൽ കെ.എം.എഫ്.ആർ. ആക്ടിൽ കാലോചിതമായി ഭേദഗതി വരുത്തുകയും 2018 ൽ കെ.എം.എഫ്.ആർ. ചട്ടങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.യ്ക്ക് മുകളിൽ ഇന്ധന ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകും എന്ന് കണ്ട് കേരളാ തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തു. അശാസ്ത്രീയവും നിയമപരമല്ലാത്തതുമായ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനും തടയുന്നതിനുമായി ഫിഷറീസ് വകുപ്പിന്റെയും മറൈൻ എൻഫോഴ്സ്മെന്റിന്റെയും നേതൃത്വത്തിൽ കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും നിയമലംഘകർക്കെതിരെ ഉയർന്ന പിഴ ഉൾപ്പെടെയുള്ള കർശന ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾബാൻ |

| | | | |
|---|---|---|---|
| | | | 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി. സമുദ്ര മത്സ്യബന്ധനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും നിരീക്ഷണത്തിനും മത്സ്യത്തൊഴിലാളികളുടെ കൂടി പങ്കാളിത്തത്തോടെ കേരള സമുദ്ര മത്സ്യബന്ധന നിയമത്തിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും വേണ്ടി KMFR ആക്ട് (ഭേദഗതി) 2017 പ്രകാരം സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ എന്നിങ്ങനെ ത്രിതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്. കൂടാതെ നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര സഹായത്തോടെ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ 4 ജില്ലകളിലായി സീകേജ് ഫാമിംഗ് പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി പ്രതിവർഷമുള്ള സമുദ്രമത്സ്യോത്പാദനത്തിൽ പ്രകടമായ നേട്ടങ്ങൾ കൈവരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് കടൽ മത്സ്യത്തിന്റെ ലഭ്യത 2017-18 വരെ കുറഞ്ഞുവരുന്നതായി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ കെ.എം.എഫ്.ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും, 2018-ൽ കെ.എം.എഫ്.ആർ. റൂൾ പ്രാബല്യത്തിൽ വരുകയും, ശാസ്ത്രീയ മത്സ്യബന്ധന രീതികൾ അവലംബിക്കുകയും, ചെറുമീനുകളെ പിടിക്കുന്നതിൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായി 2017-18 ലെ സമുദ്ര മത്സ്യോല്പാദനം 4.83 ലക്ഷം മെട്രിക് ടൺ എന്നത് 2018-19 ൽ 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ